കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യാവസായിക പരിശീലന വകുപ്പ് - കണ്ണൂർ ജില്ലയിലെ ധർമ്മടത്ത് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നത് - ഭരണാനുമതി നൽകി. ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (കൈ) നം. 57 /2017/തൊഴിൽ തിരുവനന്തപുരം, തീയതി 01/08/2017

---

പരാമർശം - 1. സ.ഉ (കൈയ്യെഴുത്ത്) നം.179/05/പൊ.ഭ.വ. തീയതി 04.06.2005

2. ട്രെയിനിംഗ് ഡയറക്ടറുടെ 30/05/2017 ലെ ഐ 4/10453/17 എന്ന നമ്പർ കത്ത്.

## ഉത്തരവ്

2017-18 ലെ ബഡ്ജറ്റിൽ കണ്ണൂർ ജില്ലയിലെ ധർമ്മടം ഉൾപ്പെടെ സംസ്ഥാനത്ത് 5 പുതിയ സർക്കാർ ഐ.ടി.ഐകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ധർമ്മടത്ത് പുതിയ സർക്കാർ ഐ.ടി.ഐ സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ ശിപാർശ ട്രെയിനിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ധർമ്മടത്ത് മെക്കാനിക് (മോട്ടോർ വെഹിക്കിൾ), ഫിറ്റർ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകളുടെ 2 വീതം യൂണിറ്റുകളോടുകൂടിയും അവയ്ക്കാവശ്യമായ താഴെപ്പറയും പ്രകാരമുള്ള 10 തസ്തികകളോടുകൂടി പുതിയ സർക്കാർ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No | Name of Post | No. of Posts |
|---|---|---|
| 1 | Principal Class II | 1 |
| 2 | Junior Instructor | 6 |
| 3 | ACD Instructor | 1 |
| 4 | Clerk | 1 |
| 5 | Office Attendant | 1 |
| Total | | 10 |

3. പ്രസ്തുത ഐ.ടി.ഐയിൽ രണ്ട് സെക്യൂരിറ്റി ജീവനക്കാരെ സൂചന 1 ലെ സർക്കാർ ഉത്തരവിനു വിധേയമായി കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ് മെൻ ഡെവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ മുഖേനയും ഒരു ശുചീകരണ തൊഴിലാളിയെ കുടുംബശ്രീ മുഖേനയും താല്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്.
അഡീഷണൽ ചീഫ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (508405/H&L-A1 /200/2017/Fin. തീയതി 15.11.2016 പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്. (ഇനം നമ്പർ. 1273)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindu
സെക്ഷൻ ഓഫീസർ.